**കേരള കാർഷിക സർവ്വകലാശാല**

**കുരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂർ**

**കാഞ്ഞിരങ്ങാട് പി.ഒ, തളിപ്പറമ്പ്, കണ്ണൂർ – 670142**

*Phone No: 0460 2227287, E-mail: prspanniyur@kau.in*


**PRSPNR/2104/2025** **തീയതി: 06-10-2025**

**ക്വട്ടേഷൻ പരസ്യം**

കുരുമുളക് ഗവേഷണ കേന്ദ്രം പന്നിയൂരിൽ 2026 മാർച്ച് 31 വരെയുള്ള കാലയളവിലേക്ക് താഴെ പറയുന്ന കൃഷി ജോലികൾ കരാറടിസ്ഥാനത്തിൽ ചെയ്യുന്നതിന് താല്പര്യമുള്ള സ്ത്രീ- പുരുഷ കരാറുകാരിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

പുരുഷ തൊഴിലാളികൾ-1

സ്ത്രീ തൊഴിലാളികൾ -2

**ഫാമിലെ വിവിധയിനം കൃഷിപ്പണികളുടെ വിവരങ്ങൾ**

1. പോളി ബാഗുകൾ നിറച്ചു ഷെഡുകളിൽ അടുക്കി വെയ്ക്കുക.
2. തൈകൾ പറിച്ചു പോളി ബാഗിൽ നടുക.
3. കള പറിക്കുക/വളം ചെയ്യുക/മരുന്ന് സ്പ്രേ ചെയ്യുക/നനയ്ക്കുക.
4. വിത്ത് പാകുക (അടയ്ക്ക, നാളികേരം etc.)
5. ഗ്രീൻ ഹൗസിൽ നിന്നും പോളി ബാഗ് ചെടികൾ മാറ്റി അടുക്കുക.
6. കുരുമുളക് തല തയ്യാറാക്കൽ.
7. കുരുമുളക് തല നടുക.
8. ഫാം ഉദ്യോഗസ്ഥർ നിർദേശിക്കുന്ന മറ്റ് കൃഷി ജോലികളും

കൂടാതെ പുരുഷതൊഴിലാളികൾ തെങ്ങു കയറ്റം, മരത്തിന്റെ കൊമ്പു കൊത്തൽ, തടം കോരൽ എന്നിവ കൂടി ചെയ്യേണ്ടതായി വരും.

താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ ഒരു സ്ത്രീ/പുരുഷ തൊഴിലാളിക്കുള്ള ഒരു ദിവസത്തെ നിരക്ക് പ്രത്യേകം രേഖപ്പെടുത്തി മുദ്രവെച്ച കവറിൽ "സ്ത്രീ/പുരുഷ തൊഴിലാളികളെ നൽകുന്നതിനായുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തി 21.10.2025 ഉച്ചയ്ക്ക് 2 മണിക്ക് മുമ്പായി അസി. പ്രൊഫസർ &ഹെഡ്, കുരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂർ, കാഞ്ഞിരങ്ങാട് പി.ഒ, 670142 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്. കരാറുകാരന്റെ മേൽവിലാസം, ഫോൺ നമ്പർ അടങ്ങിയ തിരിച്ചറിയൽ രേഖ ക്വട്ടേഷനൊപ്പം ഉൾക്കൊള്ളിക്കേണ്ടതാണ്. ക്വട്ടേഷനിൽ ഒരു പുരുഷ തൊഴിലാളിയുടെയും ഒരു സ്ത്രീ തൊഴിലാളിയുടെയും ഒരു ദിവസത്തെ കൂലി പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. ഓരോ ക്വട്ടേഷനോടൊപ്പം 500/- രൂപ നിരതദ്രവ്യം അടയ്ക്കേണ്ടതാണ്.

ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയ്യതി 21.10.2025 ഉച്ചക്ക് ശേഷം 2 മണി വരെയാണ്. അന്നു തന്നെ 3.00 മണിക്ക് ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ അവ തുറക്കുന്നതായിരിക്കും. ഏറ്റവും കുറഞ്ഞ നിരക്ക്, എഴുതിയത് തൃപ്തികരമെന്ന് കണ്ടാൽ സ്വീകരിക്കുന്നതുമായിരിക്കും. വൈകി കിട്ടുന്നതും പൂർണ്ണമല്ലാത്തതുമായ ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ക്വട്ടേഷൻ ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ക്വട്ടേഷനുകൾ തുറന്ന് നടപടികൾ പൂർത്തികരിക്കുന്നതായിരിക്കും. ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും, മാറ്റിവെക്കുന്നതിനും, കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം അസി. പ്രൊഫസർ &ഹെഡിൽ നിക്ഷിപ്തമാണ്.

ക്വട്ടേഷൻ അംഗീകരിച്ച് അറിയിപ്പ് ലഭിച്ചാൽ 3000/- രൂപ (മൂവായിരം രൂപ മാത്രം) സെക്യൂരിറ്റി ഡെപ്പോസിറ്റായി ഓഫീസിൽ അടയ്ക്കേണ്ടതാണ്. ഫാമിലെ ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന ദിവസങ്ങളിൽ തൊഴിലാളികളെ സമയബന്ധിതമായി നൽകേണ്ടതാണ്. ജോലികൾ ഫാമിലെ ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം ചെയ്യേണ്ടതാണ്.വേതനത്തിനായി ആകെ തൊഴിൽ ദിനങ്ങൾ കണക്കാക്കി ഇൻവോയ്സ്

(2 കോപ്പി) ഓഫീസിൽ നൽകേണ്ടതാണ്. നിയമപ്രകാരമുള്ള ആദായനികുതി കിഴിവ് ചെയ്യുന്നതിനായി കരാർ ലഭിക്കുന്ന വ്യക്തി പാൻ കാർഡിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.

**നിബന്ധനകൾ**

1. കായിക ശേഷിയുള്ള 18 നും 60 നും ഇടയിൽ പ്രായമുള്ള തൊഴിലാളികളെയായിരിക്കണം ജോലിക്കായി നൽകേണ്ടത്. നിയോഗിക്കപ്പെടുന്നവരുടെ തിരിച്ചറിയൽ രേഖ, ആരോഗ്യ സർട്ടിഫിക്കറ്റ് എന്നിവ ഓഫീസിൽ മുൻകൂട്ടി നൽകേണ്ടതാണ്.
2. ജോലി സമയം ഫാമിന്റെ പ്രവൃത്തി സമയത്തിനനുസൃതമായിരിക്കും (രാവിലെ 8 മുതൽ വൈകുന്നേരം 5 വരെ- 8 മണിക്കൂർ)
3. ഈ ക്വട്ടേഷൻ പ്രകാരം ജോലിക്ക് നിയോഗിക്കുന്ന തൊഴിലാളികൾക്ക് ജോലികൾക്കിടയിലുണ്ടാകുന്ന അപകടങ്ങൾക്ക്/ കഷ്ടനഷ്ടങ്ങൾക്ക് കേരള കാർഷിക സർവ്വകലാശാല യാതൊരു വിധ ഉത്തരവാദിത്വവും ബാധ്യതയും വഹിക്കുന്നതല്ല.
4. കരാറുകാരന്റെ/ തൊഴിലാളികളുടെ കൃത്യ വിലോപം, അശ്രദ്ധ മൂലം ഫാമിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതാണ്. കൂടാതെ അതിന്റെ നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.
5. ജോലികൾ തൃപ്തികരമല്ലെങ്കിൽ ക്വട്ടേഷൻ കരാർ യാതൊരു മുന്നറിയിപ്പും കൂടാതെ അവസാനിപ്പിക്കാനുള്ള അധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും.
6. ഇപ്രകാരം കരാർ ഏറ്റെടുക്കുന്ന കരാറുകാരനോ, ജോലിയ്ക്ക് നിയോഗിക്കുന്ന തൊഴിലാളിക്കോ ജോലിയുടെ വേതനം കൈപ്പറ്റുവാൻ മാത്രമേ അവകാശം ഉണ്ടായിരിക്കുകയുള്ളു. സർവ്വകലാശാലയുടെ നിയമനങ്ങളിൽ യാതൊരുവിധ പരിഗണനയ്ക്കോ മുൻഗണനയ്ക്കോ മറ്റ് ആനുകൂല്യങ്ങൾക്കോ അർഹത ഉണ്ടായിരിക്കുന്നതല്ല.
7. ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന വ്യക്തി ഫാമിൽ നിന്നും ബന്ധപ്പെട്ട ഓഫീസർ നിർദേശിക്കുന്ന രീതിയിൽ നിർദേശിക്കുന്ന ദിവസങ്ങളിൽ ജോലികൾ ചെയ്യേണ്ടതാണ്.
8. ക്വട്ടേഷൻ സംബന്ധിച്ച സർക്കാർ/സർവ്വകലാശാല നിബന്ധനകളെല്ലാം ഇതിനും ബാധകമായിരിക്കും.
9. ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന വ്യക്തി നിബന്ധനകൾ ഉൾകൊള്ളുന്ന ധാരണ പത്രം 200/- രൂപ മുദ്ര പത്രത്തിൽ ഒപ്പിട്ടു നൽകേണ്ടതാണ്.
10. വിശദ വിവരങ്ങൾക്ക് പ്രവർത്തി സമയങ്ങളിൽ ഓഫീസിൽ അന്വേഷിക്കേണ്ടതാണ്. ഫോൺ നമ്പർ : **0460 2227287/8921082050**

Signed by
Vikram H C
Date: 06-10-2025 14:47:52

**ഡോ.വിക്രം എച്ച്.സി**
**അസിസ്റ്റന്റ് പ്രൊഫസർ &ഹെഡ്**

സ്വീകർത്താവ്:-

1. ഡോ. സഞ്ജു ബാലൻ, അസിസ്റ്റന്റ് പ്രൊഫസർ(ഫാം ഇൻ ചാർജ്).
2. നോട്ടീസ് ബോർഡ് /കെ.വി.കെ കണ്ണൂർ.
3. വില്ലേജ് ഓഫീസ് (പന്നിയൂർ).
4. കുറുമാത്തൂർ പഞ്ചായത്ത് ഓഫീസ്.
5. ഡിസ്ട്രിക്ട് അഗ്രിക്കൾച്ചറൽ ഫാം, കരിമ്പം.